2004 ഏപ്രിൽ 17

**പ്രവാസി നിക്ഷേപ പദ്ധതികൾ ആർ.ബി.ഐ ക്ക് അനുസൃതമാക്കുന്നു.**

നിലവിലുള്ള പ്രവാസി നിക്ഷേപപദ്ധതികൾ പുനരവലോകനം ചെയ്തശേഷം താഴെ പറയുന്ന നടപടികൾ ഉടനെ കൈക്കൊള്ളാൻ തീരുമാനിച്ചിരിക്കുന്നു:

i എൻ. ആർ.ഇ കാലാവധി നിക്ഷേപങ്ങളുടെ പലിശനിരക്കിന് ഉയർന്ന പരിധി

2004 ഏപ്രിൽ 17 വരെയുള്ള, ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങൾക്കുള്ള നോൺ റസിഡന്റ് (എക്സ്റ്റേണൽ) നിക്ഷേപങ്ങൾക്ക് മേൽ പലിശ നിരക്കുകൾ ഇനിയൊരു അറിയിപ്പ് വരെ സമാനപക്വതയുള്ള യു.എസ് ഡോളറിന്റെ ലിബോർ/സ്വാപ് നിരക്കുകളിൽ കൂടാൻ പാടില്ലായെന്ന് ഇപ്പോൾ തീരുമാനമായിരിക്കുന്നു.

മുമ്പ് സൂചിപ്പിച്ച പോലെ നിർണ്ണയിക്കപ്പെട്ട മൂന്ന് വർഷ നിക്ഷേപങ്ങൾക്കുമേലുള്ള പലിശ നിരക്ക് മൂന്ന് വർഷത്തിൽ കൂടുതൽ പക്വതാ കാലാവധിയുള്ള നിക്ഷേപങ്ങൾക്കും ബാധകമാകുന്നു. ഇപ്പോഴത്തെ പക്വതാകാലാവധിക്ക് ശേഷം പുതുക്കപ്പെട്ട എൻ.ആർ.ഇ നിക്ഷേപങ്ങൾക്കും പലിശനിരക്ക് മാറ്റങ്ങൾ ബാധകമാകും.

പ്രവാസി ഭാരതീയർക്ക് നൽകുന്ന പലിശനിരക്കുകൾക്ക് സ്ഥിരത കൈവരുത്താൻ എൻ. ആർ.ഇ നിക്ഷേപങ്ങളുടെ മേലുള്ള പലിശ നിരക്കുകൾ 2003 ജൂലൈ 17 മുതൽ യു.എസ് ഡോളറിന്റെ ലിബോർ/സ്വാപ് നിരക്കുകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ നിക്ഷേപങ്ങൾക്കുമേലുള്ള പലിശനിരക്കുകൾ 2003, ജൂലൈ 17 ന് സമാനപക്വതയുള്ള ലിബോർ/സ്വാപ് നിരക്കുകൾക്ക് മീതെ 100 ബേസിസ് പോയിന്റുകളാക്കി കുറച്ചിരിക്കുന്നു. പിന്നീട് അത് 2003, ഒക്ടോബർ 18 ന് സമാനപക്വതയുള്ള ലിബോർ/സ്വാപ് നിരക്കുകൾക്ക് 25 ബേസിസ് പോയിന്റുകൾ മീതെയാക്കിയും കുറച്ചിരുന്നു.

(ii) എൻ.ആർ.ഇ സമ്പാദ്യനിക്ഷേപങ്ങൾക്ക് മീതെയുള്ള പലിശ നിരക്ക്

വിവിധതരം എൻ. ആർ.ഇ നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ പൊരുത്തപ്പെടുത്താനായി എൻ. ആർ.ഇ സമ്പാദ്യനിക്ഷേപങ്ങൾക്ക് മേലുള്ള പലിശനിരക്കും 2004 ഏപ്രിൽ 17 ന് ഭാരതത്തിൽ വിപണനം അവസാനിച്ചതുമുതൽ ഫലത്തിൽ വരുന്ന ലിബോർ/സ്വാപ് നിരക്കുകളുമായി ബന്ധപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നു. എൻ. ആർ.ഇ

സമ്പാദ്യനിക്ഷേപങ്ങളുടെ പലിശനിരക്കുകൾ യു.എസ് ഡോളർ നിക്ഷേപങ്ങളുടെ മേൽ 5 മാസപക്വതയുള്ള ലിബോർ/സ്വാപ് നിരക്കുകളെക്കാൾ കൂടാനും പാടില്ല, എൻ. ആർ.ഇ സമ്പാദ്യനിക്ഷേപങ്ങൾക്ക് മേലുള്ള പലിശ നിരക്ക് തൊട്ടുമുമ്പത്തെ ത്രൈമാസ സമാപന പ്രവർത്തിദിനത്തിലെ യു.എസ് ഡോളറിന്റെ ലിബോർ/സ്വാപ് നിരക്കിന്റെ അടിസ്ഥാനത്തിൽ ത്രൈമാസികമായിട്ടാണ് നിർണ്ണയിക്കേണ്ടത്. 2004 ഏപ്രിൽ - ജൂൺ ത്രൈമാസികത്തിന് മാർച്ച് 2004 ലെ ഏറ്റവും ഒടുവിലത്തെ പ്രവർത്തിദിനത്തിലെ യു.എസ് ഡോളർ ലിബോർ/സ്വാപ് നിരക്ക് ബാധകമാകും.

ഇപ്പോൾ എൻ. ആർ.ഇ സമ്പാദ്യ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ആഭ്യന്തര സമ്പാദ്യനിക്ഷേപ നിരക്കിനോടാണ് ബന്ധപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എൻ. ആർ.ഇ കാലാവധി നിക്ഷേപങ്ങൾക്ക് മേലുള്ള പലിശ നിരക്കുകൾ 2003 ജൂലൈ 17 മുതൽ യു.എസ് ഡോളറിന്റെ ലിബോർ/സ്വാപ് നിരക്കുകളുമായിട്ടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്.

(iii) എൻ.ആർ.ഇ സമ്പാദ്യനിക്ഷേപങ്ങൾ വച്ച് മുൻകൂർ

അക്കൗണ്ട് ഉടമയ്ക്ക് സമ്പാദ്യനിക്ഷേപങ്ങൾ എപ്പോൾ വേണമെങ്കിലും പിൻവലിക്കാം എന്നതിനാൽ ബാങ്കുകൾ പ്രത്യക്ഷമോ പരോക്ഷമോ ആയ യാതൊരുതരം ലീനും ഇത്തരം നിക്ഷേപങ്ങൾക്കെതിരെ അടയാളപ്പെടുത്തരുത്.

അൽപ്പന കില്ലാവാല
മുഖ്യപൊതുകാര്യദർശി

പത്രക്കുറിപ്പ് 2003-04/1235